പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21 06-01-2014-ൽ മറുപടിയ്ക്ക്

<u>സോളാർ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എളമരം കരീം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സോളാർ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാനുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; സിറ്റിംഗ് ജഡ്ജിയെ കമ്മീഷനായി ലഭിക്കുന്നതിന് ഉതകുന്ന നിലയിൽ പ്രശ്നത്തിന്റെ ഗൗരവവും മുഖ്യമന്ത്രിയുടെയും ഓഫീസിന്റെയും പങ്ക് ഉൾപ്പെടെയുള്ള ടേംസ് ഓഫ് റഫറൻസും ഹൈക്കോടതിയെ അറിയിച്ചിരുന്നുവോ; | (എ) സോളാർ തട്ടിപ്പും ബന്ധപ്പെട്ട കേസുകളും അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജനെ (റിട്ട. ഹൈക്കോടതി ജഡ്ജി) അന്വേഷണ കമ്മീഷനായി നിയമിച്ച് സർക്കാർ വിജ്ഞാപനം നം.77989/ എസ്.എസ്.എ2/2013/ആഭ്യന്തരം ആയി 28.10.2013-ന് പുറപ്പെടുവിച്ച് ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു വരുന്നു. പ്രശ്നത്തിന്റെ ഗൗരവവും പ്രാധാന്യവും പരിഗണിച്ച് പ്രസ്തുത കേസുകൾ ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് ബഹു. ഹൈക്കോടതിയോട് രേഖാമൂലം ചീഫ് സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ ജനറലിനോടും ബഹു. മുഖ്യമന്ത്രി ചീഫ് ജസ്റ്റീസിനോടും ആവശ്യപ്പെടുകയുണ്ടായി. |

| | |
|---|---|
| (ബി) ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിഗണനാവിഷയങ്ങളിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ടുന്ന സംഗതികൾ സംബന്ധിച്ച് എൽ.ഡി.എഫ്. സംസ്ഥാന കമ്മിറ്റി നല്കിയ കത്ത് പരിശോധിക്കുകയുണ്ടായോ; അവ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; സർക്കാർ തീരുമാനിച്ച് ഉത്തരവായ പരിഗണനാവിഷയങ്ങൾ എന്തെല്ലാമാണ്;<br>(സി) നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണം ഉറപ്പാക്കാൻ എൽ.ഡി.എഫ്. മുന്നോട്ടുവച്ച നിലപാട് എന്തായിരുന്നു; മുഖ്യമന്ത്രിയുടേയും ഓഫീസിന്റേയും പങ്കും ഇടപാടുകളും സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളുടെ വസ്തുതകൾ പുറത്തുകൊണ്ടുവരാൻ എൽ.ഡി.എഫ്. നിലപാടുകൾ എത്രത്തോളം അനുയോജ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) യും (സി) യും<br><br>ഈ വിഷയം സർക്കാർ വിശദമായി പരിഗണിച്ച ശേഷമാണ് ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചത്. ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1) സോളാർ തട്ടിപ്പ്, അനുബന്ധ സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് കേരള നിയമസഭയ്ക്കുള്ളിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളിൽ എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ? ഉണ്ടെങ്കിൽ എന്താണ്? ആരൊക്കെയാണ് അതിന് ഉത്തരവാദികൾ?

2) പ്രസ്തുത ആരോപണങ്ങളിൽ ഉൾപ്പെട്ട ഇടപാടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ? സംഭവിച്ചിട്ടുണ്ടെങ്കിൽ എത്ര യാണ്? ഇത് ഒഴിവാക്കാമായിരുന്നോ? അതിന്റെ ഉത്തരവാദിത്വം ആർക്കൊക്കെയൊ ണ്?

3) മുകളിൽ പരാമർശിച്ചിട്ടുള്ള ആരോപണങ്ങളിൽ ഉൾപ്പെട്ട കമ്പനിക്കോ വ്യക്തിക ൾക്കോ നിയമവിരുദ്ധമായി സർക്കാർ വക വർക്ക് ഓർഡറുകളോ മറ്റെന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ ആ വക യിൽ സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെ ങ്കിൽ അതെത്രയാണ്? ഇത് ഒഴിവാക്കാമായിരുന്നോ? ആരൊക്കെയാണ് അതിന് ഉത്തര വാദികൾ?

4) സോളാർ തട്ടിപ്പിലും അനുബന്ധ സാമ്പത്തിക ഇടപാടുകളിലും ഉൾപ്പെട്ടിട്ടുള്ളവരു മായി ബന്ധപ്പെട്ട് 2005 കാലഘട്ടം മുതൽ ഇതേവരെ ഉയർന്നുവന്നിട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടു ണ്ടെങ്കിൽ അവയ്ക്കുള്ള ഉത്തരവാദികൾ ആരൊക്കെയാണ്?

5) തെറ്റായ വാഗ്ദാനം നൽകി ജനങ്ങളെ വ്യാപകമായി വഞ്ചിക്കുകയും കബളിപ്പിക്കു കയും ചെയ്യുന്നത് തടയാനും അവർക്കെതിരെ നടപടികൾ സ്വീകരിക്കാനും ഇന്നു നില വിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണോ? ഇല്ലെങ്കിൽ ഇത്തരം കബ ളിപ്പിക്കലും വഞ്ചനയും ഇല്ലാതാക്കാൻ ശക്തമായ നിയമനിർമ്മാണവും ഉചിതമായ മറ്റു നടപടികളും സ്വീകരിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എന്തൊക്കെ യാണ്?

6) മേൽ പരാമർശിച്ചിട്ടുള്ളതുപോലുള്ള സാമ്പത്തിക തട്ടിപ്പുകൾക്ക് വിധേയരാകുന്ന വർക്ക് നഷ്ടപ്പെട്ട തുക തിരിച്ചു കിട്ടുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ?